(ബി) എങ്കിൽ അതുമൂലം ഗൗരവതരമായ കേസുകളിലെ അന്വേഷണ പ്രക്രിയയിൽ വീഴ്ചയുണ്ടായിട്ടുണ്ടോ ;

(സി) താഴെത്തലം വരെയുള്ള ഉദ്യോഗസ്ഥർ യൂണിഫോമിലും അല്ലാതെയും കേസിന്റെ അന്വേഷണ വിവരങ്ങൾ പരസ്യമാക്കുന്ന പ്രവണത വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രവണത അന്വേഷണ പ്രക്രിയയെ ഹാനികരമായി ബാധിക്കുന്ന കാര്യം അറിവുണ്ടോ; ഇതിന് സർക്കാർ അനുമതിയുണ്ടോ ;

(ഡി) നിലവിലുള്ള പെരുമാറ്റച്ചട്ടം ഈ പ്രവണത അനുവദിക്കുന്നുണ്ടോ ;

(ഇ) ഇത്തരം കാര്യങ്ങളിൽ നിലവിലെ നിയമപ്രകാരം എന്തെല്ലാം പരിഹാരം നിഷ്ക്കർഷിച്ചിട്ടുണ്ടെന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വെളിപ്പെടുത്തുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വീഴ്ചയുണ്ടായിട്ടില്ല.

(സി - ഇ) കേസുകളുടെ അന്വേഷണത്തിലെ സുതാര്യത നിലനിർത്തേണ്ട അവസരങ്ങളിലും പൊതുജനങ്ങളെ വിവരം അറിയിക്കേണ്ടതായ അവസരങ്ങളിലും നിയന്ത്രണങ്ങൾക്ക് വിധേയമായി മാധ്യമങ്ങൾക്ക് വിവരം നൽകാൻ അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ വിശദമാക്കി 31-12-2008-ലും 14-3-2010-ലും പോലീസ് ഡയറക്ടർ ജനറൽ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഇന്റേണൽ സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് രൂപീകരിക്കാൻ നടപടി

1 (5907) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിന് മാത്രമായി ഇന്റേണൽ സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത്തരമൊരു യൂണിറ്റിന് ഇപ്പോൾ രൂപം നൽകേണ്ടി വന്ന സാഹചര്യമെന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ടതും സമാന സ്വഭാവമുള്ളതുമായ കേസുകൾ അന്വേഷിക്കുന്നതിന് ഇതിനുമുമ്പ് സംസ്ഥാനത്ത് ഉണ്ടായിരുന്ന രീതി എന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോഴത്തെ പുതിയ യൂണിറ്റിന്റെ ചുമതല, മേൽനോട്ടം, നിയന്ത്രണം എന്നിവ ആർക്കാണ് ; യൂണിറ്റിന്റെ അധികാര പരിധി എവിടെ യൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഇ) നിലവിലെ ക്രൈംബ്രാഞ്ച് ഇന്റലിജൻസ് വിഭാഗങ്ങളുമായി സഹകരിച്ചാണോ ഇത് പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ട കേസുകളുടെ അന്വേഷണ ത്തിനായി 17-7-2010-ലെ G.O. (Rt.) No. 2333/10/Home നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 'ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗം' രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിനകത്തും പുറത്തും വിധ്വംസക പ്രവർത്തനങ്ങൾ നടത്തുന്നതിന് തീവ്രവാദ ഗ്രൂപ്പുകളും അവരോടു ബന്ധമുള്ള വ്യക്തികളും ഗൂഢാലോചന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ പശ്ചാത്തലത്തിലും അവർക്കെതിരെയുള്ള ക്രൈം കേസുകൾ ഫലപ്രദമായി അന്വേഷിക്കുന്നതിനും മാത്രമായി ഒരു സ്ഥിരം സംവിധാനം വേണമെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു യൂണിറ്റ് രൂപീകരിച്ചത്.

(സി) ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കു ന്നതിനായി സംസ്ഥാനത്ത് നേരത്തേ ഒരു സംയുക്ത അന്വേഷണ സംഘം (JIT) പ്രവർത്തിച്ചിരുന്നു. കൂടാതെ സമാന സ്വഭാവമുള്ള മറ്റു കേസുകൾ പ്രത്യേകം അന്വേഷണസംഘങ്ങൾ അന്വേഷിച്ചിരുന്നു.

(ഡി) ഇപ്പോൾ രൂപീകരിക്കപ്പെട്ട ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗം ഭരണപരമായി സി.ബി.സി.ഐ.ഡി.-യുടെ ഭാഗവും, ഇതിന്റെ ഓപ്പറേഷൻ ചുമതല ഇന്റലിജൻസ് എ.ഡി.ജി.പി. ക്കുമായിരിക്കും. ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗത്തിന്റെ മൊത്തത്തിലുള്ള നിയന്ത്രണം പോലീസ് ഡയറക്ടർ ജനറലിൽ നിക്ഷിപ്തമായിരിക്കും. ടി ടീമിന് സംസ്ഥാനം മുഴുവൻ അധികാര വ്യാപ്തി ഉണ്ടായിരിക്കും.

(ഇ) ക്രൈം ബ്രാഞ്ച് ഇന്റലിജൻസ് വിഭാഗങ്ങളുമായി സഹകരിച്ചായിരിക്കും ടി ടീം പ്രവർത്തിക്കുക.

പോപ്പുലർ ഫ്രണ്ട് എന്ന സംഘടനയുടെ ഭീകര പ്രവർത്തനങ്ങളിലുള്ള പങ്ക്

2 (5908) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭീകര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പോപ്പുലർ ഫ്രണ്ട് എന്ന സംഘടനയ്ക്ക് പങ്കുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly